LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേഷൻ കുബേര

157 (4492) ശ്രീ. എളമരം കരീം :
ശ്രീ. എം. ഹംസ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബ്ലേഡ്/വട്ടിപ്പലിശക്കാർ ഇപ്പോഴും പ്രവർത്തിച്ചുവരുന്നതായി അറിയാമോ ; വായ്പ ആവശ്യക്കാർക്ക് ഇത്തരക്കാരെ ആശ്രയിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പ്രഖ്യാപിച്ച 'ഋണമുക്തി' പദ്ധതി തികഞ്ഞ പരാജയമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കുടുംബശ്രീയും സഹകരണ സംഘങ്ങളും വഴി വായ്പാ ആനുകൂല്യങ്ങൾ നിറവേറ്റാൻ കഴിയുന്ന നിലയിൽ പലിശ സബ്സിഡി തുടക്കത്തിൽ തന്നെ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വൻകിട ബ്ലേഡ് പലിശക്കാരുടെ സ്വാധീനംമൂലം അത്തരക്കാർക്കെതിരെ പരാതി പറയാൻ വായ്പക്കാർ ഭയപ്പെടുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേര പദ്ധതി നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്ത് ബ്ലേഡ്/വട്ടിപ്പലിശക്കാരുടെ പ്രവർത്തനങ്ങൾ കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലളിതമായ വായ്പാ വ്യവസ്ഥയും പെട്ടെന്ന് പണം ലഭിക്കുവാനുള്ള സാഹചര്യവും കാരണമാണ് ഇത്തരക്കാരെ സാധാരണക്കാർ ആശ്രയിക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ട്.

(ബി) അത്തരത്തിലൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓപ്പറേഷൻ കുബേര

158 (4493) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കൊട്ടാരക്കര പോലീസ് സ്റ്റേഷൻ പരിധിയിൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;